**VIJNANABHAVAN - KOTHAMANGALAM**

**SCHOLARSHIP EXAMINATION 2023 - 2024**

**Std X** Time : 2 hrs.

08-04-2024 Marks : 100

രജിസ്റ്റർ നമ്പർ
(അക്കത്തിൽ)

രജി. നമ്പർ (അക്ഷരത്തിൽ) ......................................................................................................................

ഫൊറോന : ..........................................................................................................................................

**നിർദ്ദേശങ്ങൾ:-**

1. നിങ്ങളുടെ രജിസ്റ്റർ നമ്പർ മുകളിൽ കാണുന്ന ദീർഘചതുരത്തിൽ അക്കത്തിലും താഴെ അക്ഷരത്തിലും എഴുതുക.
2. നിങ്ങളുടെ പേരോ സ്കൂളിന്റെയോ പള്ളിയുടെയോ പേരോ ഉത്തരക്കടലാസിൽ എഴുതാൻ പാടില്ല.
3. ഉത്തരങ്ങൾ ഈ ചോദ്യക്കടലാസിൽ തന്നെ അവയ്ക്കായി വിട്ടിട്ടുള്ള സ്ഥലങ്ങളിൽ മാത്രം വൃത്തിയായി എഴുതണം.
4. ഈ ചോദ്യക്കടലാസിനോട് വേറെ കടലാസുകൾ ചേർക്കുകയോ ഇതിലുള്ള കടലാസുകൾ വേർപെടുത്തുകയോ ചെയ്യാൻ പാടില്ല.

**Total Marks**

PTO

**ശരിയായ ഉത്തരത്തിന് ☑ ചിഹ്നം രേഖപ്പെടുത്തുക.** (10 X 1 = 10)

1 സഭാ രൂപീകരണത്തിന്റെ ആദ്യപടിയാണ്.

☐ സാക്ഷ്യപ്പെടുത്തൽ ☐ സുവിശേഷ പ്രഘോഷണം ☐ കൂദാശകളുടെ സ്വീകരണം.

2 സഭാസമൂഹത്തിലെ കൂട്ടായ്മ നിലനിർത്താനും ശക്തിപ്പെടുത്താനും ശ്ലീഹന്മാർ ആരെയാണ് നിയമിച്ചത്?

☐ ഡീക്കന്മാരെ ☐ രാജാക്കന്മാരെ ☐ ന്യായാധിപന്മാരെ

3 യോഹന്നാൻ ശ്ലീഹാ പാത്മോസ് ദ്വീപിലേയ്ക്ക് നാട് കടത്തപ്പെട്ടത് ഏത് ചക്രവർത്തിയുടെ കാലത്താണ്?

☐ ഡെയോക്ലീഷ്യൻ ☐ ഡൊമീഷ്യൻ ☐ ട്രാജൻ

4 ആര്യൻ പാഷണ്ഡതക്കെതിരെ പോരാടുകയും നിഖ്യാവിശ്വാസപ്രമാണം പ്രഖ്യാപിക്കുകയും പഠിപ്പിക്കുകയും ചെയ്ത സഭാപിതാവാണ്.

☐ വി. അത്തനേഷ്യസ് ☐ വി. ജോൺ ക്രിസോസ്റ്റോം ☐ വി. ആഗസ്തീനോസ്

5 മിശിഹായിലൂടെ യാഥാർത്ഥ്യമാകാനിരുന്ന ദൈവരാജ്യത്തിന്റെ പ്രതിരൂപമാണ്.

☐ സ്വർഗ്ഗം ☐ കാനാൻദേശം ☐ പറുദീസ

6 ഇസ്രായേൽക്കാരുടെ മതാത്മക ജീവിതത്തിന്റെ ഹൃദയത്തുടിപ്പുകളാണ്.

☐ പ്രവചനങ്ങൾ ☐ പുറപ്പാട് ☐ സങ്കീർത്തനങ്ങൾ

7 'ദൈവശാസ്ത്രം പഠിച്ചിട്ടില്ലാത്ത ഒരു വ്യാജപുരോഹിതൻ' എന്ന ആരോപണത്തിന് വിധേയനായ വിശുദ്ധനാണ്.

☐ വി. ജോൺ വിയാനി ☐ വി. തോമസ് മൂർ ☐ വി. ഫ്രാൻസീസ് സേവ്യർ

8 പൗരോഹിത്യമോ, മെത്രാൻ പദവിയോ സ്വീകരിക്കാൻ താൻ തികച്ചും അയോഗ്യനാണെന്ന് വിശ്വസിച്ച് സഭയുടെ മദ്ബഹായുടെ മുമ്പിൽ ഒരു ഡീക്കനായി വിനീത ശുശ്രൂഷ ചെയ്ത പുണ്യാത്മാവാണ്.

☐ വി. ഗ്രിഗരി ☐ മാർ അപ്രേം ☐ വി. അംബ്രോസ്

9 സഭൈക്യവാര പ്രാർത്ഥന എന്നുമുതൽ എന്നുവരെയാണ് നമ്മൾ നടത്തുന്നത്?

☐ ജനുവരി 18 മുതൽ 25 വരെ ☐ ജനുവരി 25 മുതൽ 30 വരെ ☐ ജനുവരി 6 മുതൽ 10 വരെ

10 കേരളത്തിലെ എക്യുമെനിക്കൽ ദൈവാലയം ഏതാണ്?

☐ കൊല്ലം ☐ നിലയ്ക്കൽ ☐ കോട്ടക്കാവ്

**പൂരിപ്പിക്കുക.** (5 X 1 = 5)

11 ........................................................................... രചിച്ച പുത്തൻപാനയുടെ ആലാപനം ലത്തീൻ മിഷനറിമാരുടെ വരവിനുശേഷം മാർത്തോമ്മാ നസ്രാണികളുടെ ഇടയിൽ തുടങ്ങിയ പതിവാണ്.

12 ഒന്നായിരുന്ന മാർതോമ്മാ ക്രിസ്ത്യാനികൾ ........................................................................... ശേഷം പുത്തൻകൂർ, പഴയകൂർ എന്ന പേരിലുള്ള രണ്ടു വിഭാഗമായി രൂപാന്തരപ്പെട്ടു.

13 നമ്മുടെ വിശ്വാസ ജീവിതത്തിന്റെ അടിസ്ഥാനമായ ദൈവിക വെളിപാടിന്റെ ഉറവിടമായി ............................................................ നിലകൊള്ളുന്നു.

14 1923 ഡിസംബർ 21–ാം തീയതി ........................................................................................... മാർപാപ്പ സീറോ മലബാർ ഹയരാർക്കി സ്ഥാപിച്ചു.

15 ഭാരതം സന്ദർശിച്ച ആദ്യത്തെ മാർപാപ്പ ...........................................................................................

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** (5 X 1 = 5)

16 ഫ്രാൻസീസ് പാപ്പ 2024 വർഷം എന്തായിട്ട് ആചരിക്കാനാണ് പ്രഖ്യാപിച്ചിരിക്കുന്നത്?

17 വിശ്വാസസത്യങ്ങൾ വിശദീകരിച്ചുകൊണ്ട് അവയെ സംരക്ഷിക്കുവാൻവേണ്ടി എഴുതിയ ഗ്രന്ഥങ്ങളും പ്രമാണങ്ങളും അറിയപ്പെടുന്നത് എന്ത് പേരിലാണ്?

18 മാർതോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ ഉണ്ടായിരുന്ന ഊട്ടുനേർച്ചകൾ ഏതെല്ലാമാണ്?

19 നമ്മുടെ രൂപതയിലെ മേജർ ആർക്കിഎപ്പിസ്കോപ്പൽ ദൈവാലയം ഏതാണ്?

20 മിശിഹായുടെ ശരീരമായിരിക്കുന്ന സഭയുടെ അടിസ്ഥാനസ്വഭാവം എന്താണ്?

A **വിഭാഗത്തോടു ചേരുന്നവ** C **യിൽ നിന്നും കണ്ടെത്തി** B **കോളത്തിൽ എഴുതുക.**(10 X1 =10)

| A | B | C |
|---|---|---|
| 21 വി. ബേസിൽ | ................................................................ | സൂര്യകീർത്തനം |
| 22 മിത്തരെ | ................................................................ | രക്ഷയുടെ ഭവനം |
| 23 ഈശോയാബ് III -ാമൻ | ................................................................ | മിഷൻ |
| 24 ബേസ്പുർക്കാന | ................................................................ | ദൈവം പ്രകാശമാകുന്നു |
| 25 ഏൽപയ്യാ | ................................................................ | പേർഷ്യൻമുനി |
| 26 അഫ്രഹാത്ത് | ................................................................ | ആരാധന മത്സര പഞ്ചാഗം |
| 27 മാർ മാത്യു നെല്ലിക്കുന്നേൽ | ................................................................ | നിഖ്യാസൂനഹദോസ് |
| 28 ഒഡീഷ മിഷൻ | ................................................................ | മേജർ ആർച്ച്ബിഷപ്പ് |
| 29 വി. ഫ്രാൻസീസ് അസ്സീസി | ................................................................ | ഗോരഖ്പൂർ രൂപത |
| 30 മാർ റാഫേൽ തട്ടിൽ | ................................................................ | കോതമംഗലം രൂപത |

**താഴെ കൊടുത്തിരിക്കുന്ന തീയതികളുടെ പ്രാധാന്യം ഏത് പ്രസ്താവനയോട് ബന്ധപ്പെട്ടതാണെന്ന് തെരഞ്ഞെടുത്ത് എഴുതുക.** (6 X 1 = 6)

31 1957 ജനുവരി 10

32 2013 ഫെബ്രുവരി 9

33 1988 ഏപ്രിൽ 30

34 1887 മെയ് 20-ന്

35 1599 ജൂൺ 20

36 1995 മെയ് 27

| |
|---|
| 1) മൗണ്ട് സെന്റ് തോമസ് മേജർ എപ്പിസ്ക്കോപ്പൽ കാര്യാലയം ഉദ്ഘാടനം 2) ഉദയംപേരൂർ സൂനഹദോസ് 3) കോതമംഗലം രൂപതയുടെ സ്ഥാപനം 4) മാർ ജോർജ് മഠത്തിക്കണ്ടത്തിലിന്റെ സ്ഥാനാരോഹണം 5) കല്യാൺ രൂപതയുടെ സ്ഥാപനം 6) മാർതോമ്മാ ക്രിസ്ത്യാനികളെ റോമിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാക്കി. |

**ദൈവവചനം പൂർത്തിയാക്കുക.** (5 X 2 = 10)

37 "കുഞ്ഞുമക്കളെ വാക്കിലും ..............................................................................................................

..............................................................................................................................................

.................................................................................................. സത്യത്തിലുമാണ്" (1 യോഹ. 3:18).

38 "നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ് .................................................................................................

..............................................................................................................................................

.................................................................................................. കാത്തിരിക്കുന്നു" (ഫിലി. 3:20).

39 "നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും ..........................................................................................

..............................................................................................................................................

.................................................................................................. സ്വന്തം ജനവുമാണ്" (1 പത്രോസ് 2:9).

40 "നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന..................................................................................

..............................................................................................................................................

..................................................................................നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്" (റോമാ 8:15).

41 "ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ.................................................................................

..............................................................................................................................................

..............................................................................................................................................

........................................................ രക്തത്തിനുമെതിരെ തെറ്റു ചെയ്യുന്നു'' (1 കോറി. 11:27).

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** (5 x 3 = 15)

42 മാർത്തോമ്മാ ക്രിസ്ത്യാനികൾ കുഞ്ഞു ജനിക്കുന്ന ദിവസം പൊന്നും തേനും വയമ്പും അരച്ചു കൊടുക്കുന്നതിന്റെ ഉദ്ദേശ്യം എന്താണ്?

43 സഭാതനയരുടെ വിശ്വാസ ജീവിതത്തെ ആഴപ്പെടുത്താൻ സഹായിക്കുന്ന ഭക്തകൃത്യങ്ങൾ ഏതെല്ലാം?

44 വിവാഹം സ്നേഹത്തിന്റെ ഉടമ്പടിയാണ്. എന്തുകൊണ്ടാണ്?

45 സമർപ്പിതരുടെ പ്രേഷിതപ്രവർത്തനമണ്ഡലങ്ങൾ ഏതെല്ലാമാണ്?

46 വി. അൽഫോൻസ സഹനത്തിന്റെ പ്രേഷിതയായത് എങ്ങനെയാണ്?

**അരപേജിൽ ഉത്തരമെഴുതുക.** (5 x 5 = 25)

47 KCYM സംഘടന യുവജന പരിശീലനത്തിൽ വഹിക്കുന്ന പങ്ക് ഏതെല്ലാമാണ്?

48 “ദൈവസ്നേഹത്തിന്റെ ഉരകല്ലാണ് സഹോദരസ്നേഹം.'' നിങ്ങൾക്ക് ചെയ്യാവുന്ന ഏതാനും കാര്യങ്ങൾ നിർദ്ദേശിക്കുക.

49 ആദ്യകാലമതപീഡനത്തിന്റെ കാരണങ്ങൾ ഏവയാണ്? ഇതിന് ഇരയായി തീർന്ന ഏതാനും പേരുടെ ലിസ്റ്റ് തയ്യാറാക്കുക.

50 അപ്പം മുറിക്കൽ ശുശ്രൂഷ ആദിമസഭയുടെ ശക്തികേന്ദ്രമായതെങ്ങനെയാണ്?

51 ദൈവരാജ്യത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണ്?

**രണ്ടു പേജിൽ ഉത്തരമെഴുതുക.** (7 x 2 = 14)

52 നിങ്ങളുടെ ഇടവകയിൽ പ്രവർത്തിക്കുന്ന സംഘടനകളെക്കുറിച്ച് ഒരു ചെറുവിവരണം തയ്യാറാക്കുക.

53 ഒരു പുരോഹിതന്റെ അജപാലനശുശ്രൂഷകൾ എന്തെല്ലാമാണ്? വിശദീകരിക്കുക.